കക്കിത്തടി ഇടപാടിനെക്കുറിച്ചുള്ള ജുഡിഷ്യൽ അന്വേഷണ റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ

102 (103) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കിത്തടി ഇടപാടിനെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണത്തിന് എന്നാണ് ഉത്തരവിട്ടിട്ടുള്ളത് ;

(ബി) ഈ അന്വേഷണ റിപ്പോർട്ട് എപ്പോൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) അന്വേഷണ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പിൻവലിച്ച കേസുകൾ

103 (104) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ അധികാരത്തിൽ വന്നശേഷം കോടതികളുടെ പരിഗണനയിലിരുന്ന എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ബി) കോടതികളിൽ പരിഗണനയിലിരുന്ന കേസ് പിൻവലിക്കുന്നതിനുള്ള അപേക്ഷ പ്രകാരം കേസ് പിൻവലിക്കുന്നതിന് കോടതി അനുവാദം നിഷേധിച്ച എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട് ;

(സി) ഏതെല്ലാം കോടതികളാണ് കേസ് പിൻവലിക്കുന്നതിനുള്ള അനുമതി നൽകാതിരുന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 833 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) 29 കേസുകൾ പിൻവലിക്കുന്നതിനുള്ള അനുവാദം, വിവിധ കോടതികൾ നിഷേധിച്ചിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ്

104 (105) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly